DDDKER/563/2026-G2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:20-02-2026

**സർക്കുലർ നം.14/2026**

വിഷയം- ക്ഷീരവികസന വകുപ്പ്-ക്ഷീരസഹകരണ സംഘങ്ങളിലെ **2025-26** വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

താങ്കളുടെ ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടേയും (ആപ്കോസ്, നോൺ ആപ്കോസ്) **2025-26** വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ ക്ഷീരശ്രീ പോർട്ടൽ മുഖേന കൃത്യമായും സമയബന്ധിതമായും പൂർത്തിയാക്കുവാൻ ഇതിനാൽ നിർദ്ദേശം നൽകുന്നു. **31.03.2026** തീയതിയിൽ സംഘങ്ങളുടെ അധീനതയിലുള്ള സ്ഥാവര ജംഗമ വസ്തുക്കളുടെ സ്റ്റോക്ക് സംബന്ധിയായി, ക്ഷീരശ്രീ പോർട്ടലിൽ നിന്നും ലഭ്യമാകുന്ന സ്റ്റോക്ക് പരിശോധന സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പ്, ആപ്കോസ് സംഘങ്ങളുടേതാണെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർക്കും, പരമ്പരാഗത ക്ഷീരസംഘങ്ങളുടേതാ ണെങ്കിൽ ജില്ലയിലെ സഹകരണ വകുപ്പ് ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) നും അയച്ച് കൊടുക്കേണ്ടതാണ്.

സ്റ്റോക്കിന്റെ ഭൗതികപരിശോധനയും സ്റ്റോക്ക് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നുണ്ടെന്ന് പരിശോധന ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന വിഴ്ച സ്റ്റോക്ക് പരിശോധന ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന ഗുരുതര കൃത്യവിലോപമായി കണക്കാക്കുന്നതായിരിക്കും. സ്റ്റോക്ക് പരിശോധന **30.04.2026** തീയതിക്ക് മുൻപായി പൂർത്തീകരിച്ചു എന്ന് ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. സംഘം വക കെട്ടിടം വസ്തു എന്നിവയും സ്റ്റോക്ക് പരിശോധന റിപ്പോർട്ടിൽ

ഉൾപ്പെടുത്തേണ്ടതാണ്. ഏത് സംഘം ഏത് ഉദ്യോഗസ്ഥർ സ്റ്റോക്ക് പരിശോധന നടത്തണം എന്ന് നിശ്ചയിച്ച് നൽകി ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ടി ഉത്തരവിന്റെ പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

സംഘത്തിന്റെ സ്റ്റോക്ക് പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക പദവിയും എല്ലാ സംഘങ്ങളെയും അറിയിക്കേണ്ടതാണ്. നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത വിവരം **30.04.2026**ന് മുൻപ് ചുവടെ ചേർത്തിരിക്കുന്ന പ്രഫോർമയിൽ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ബ്ലോക്ക് | സംഘങ്ങളുടെ വിവരം | | | | കുറിപ്പുകൾ |
|---|---|---|---|---|---|
| | ആകെ | പ്രവർത്തിക്കുന്നത് | സ്റ്റോക്ക് പരിശോധന പൂർത്തിയാക്കിയത് | സ്റ്റോക്ക് പരിശോധന ബാക്കി നിൽക്കുന്നത് | |

ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കതപാലിൽ അറിയിക്കേണ്ടതാണ്.

Digitally signed by
SALINI GOPINATH
Date: 20-02-2026
16:19:03

**ഡയറക്ടർ/**
**ക്ഷീരസഹകരണ സംഘം രജിസ്ട്രാർ**

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

പകർപ്പ്-
1. ജോയിന്റ് ഡയറക്ടർ (ജനറൽ)
2. ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) (ഐ.റ്റി)
3. എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും (അറിവിനായി)
4. ക്ഷീരവികസന ഓഫീസർ
   - (കോ-ഓപ്പറേറ്റീവ് സെൽ),
   - (ഐ.ടി സെൽ- സർക്കുലർ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

**5.** സി.2 സീറ്റ്, ഐ.ടി സെൽ അംഗങ്ങൾ